# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5266 — 27.07.15 ൽ - മറുപടിക്ക്

## പുതുക്കിയ റേഷൻകാർഡുകളുടെ വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് : | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | പുതുക്കിയ റേഷൻകാർഡുകൾ മുൻ നിശ്ചയ പ്രകാരം വിതരണം ചെയ്യാൻ തടസ്സമെന്തെങ്കിലുമുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | സാങ്കേതികമായ തടസ്സങ്ങൾ ഇല്ലെങ്കിൽ റേഷൻകാർഡ് മുൻനിശ്ചയ പ്രകാരം വിതരണം ചെയ്യും. |
| (ബി) | പുതിയ കാർഡുകൾ വിതരണം ചെയ്യുമ്പോൾ എ.പി.എൽ, ബി.പി.എൽ വിഭാഗങ്ങൾ ഇല്ലാതാകുമോ; എങ്കിൽ പാവപ്പെട്ടവർക്ക് അർഹമായ ആനുകൂല്യം ലഭിക്കാൻ റേഷൻകാർഡുകൾ എങ്ങനെയാണു ഉപകാരപ്പെടുക എന്ന കാര്യം വ്യക്തമാക്കുമോ? | (ബി) | പുതിയ കാർഡുകൾ വിതരണം ചെയ്യുമ്പോൾ എ.പി.എൽ. എന്നതിന് പകരം പൊതുവിഭാഗവും ബി.പി.എൽ. എന്നതിനു പകരം മുൻഗണനാ വിഭാഗവുമായിരിക്കും ഉണ്ടാവുക. അതിൽ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിന് നിലവിൽ ബി.പി.എൽ പട്ടിക തയ്യാറാക്കുന്നതിന് സർക്കാർ 14.01.11-ന് സ.ഉ(കൈ) നം.16/11/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവും, 27.04.12 ലെ സ.ഉ(കൈ)നം. 112/12/ത.സ്വ.ഭ.വ. ഉത്തരവും, 07.07.14 ലെ സ.ഉ(കൈ)നം.21/14/ഭ.സി.സ.വ ഉത്തരവും അടിസ്ഥാനമാക്കിയാണ് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. ഇക്കാരണത്താൽ അർഹതയുള്ള എല്ലാവർക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ